പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .97

11.06.2012-ൽ മറുപടിയ്ക്ക്

# മത്സ്യബന്ധനബോട്ടുകളിലെ വാർത്താ വിനിമയ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജുപോൾ | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിനായി പോകുന്ന ബോട്ടുകളിൽ ആധുനിക സ്ഥല നിർണയ ഉപകരണങ്ങളും വാർത്താ വിനിമയ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ നിന്ന് മത്സ്യബന്ധനത്തിനായി പോകുന്ന യാനങ്ങളിൽ ആധുനിക സ്ഥലനിർണ്ണയ ഉപകരണമായ ജി.പി.എസ്., ആഴക്കടൽ മത്സ്യബന്ധന പദ്ധതിയുടെ ഭാഗമായി 365 യാനങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കടൽ സുരക്ഷാ പദ്ധതികളുടെ ഭാഗമായി കേരളത്തിലെ ആഴക്കടൽ പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 910 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജി.പി.എസ്., വി.എച്ച്.എഫ്., മറൈൻ റേഡിയോ, എക്കോ സൗണ്ടർ, തുടങ്ങിയ ഉപകരണങ്ങൾ 600 യാനങ്ങൾക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ